പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4230

16.12.2014-ൽ
മറുപടിയ്ക്ക്

## കിൻഫ്രയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ

| ചോദ്യം<br>ശ്രീ. കെ.എൻ.എ.ഖാദർ | മറുപടി<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് കിൻഫ്രയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ കാരണം എന്താണ്; | എ) ഉണ്ട്. കേന്ദ്രസർക്കാർ പുതുതായി പുറപ്പെടുവിച്ച The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 ന് അനുസൃതമായി പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ തടസ്സപ്പെട്ടിട്ടുണ്ട്. |
| ബി) കിൻഫ്രയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലെ തടസ്സങ്ങൾ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) കിൻഫ്രയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലെ തടസ്സങ്ങൾ മാറ്റുന്നതിന് (സംസ്ഥാനത്ത് പുതിയ ലാന്റ് അക്വിസിഷൻ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതുവരെ) കിൻഫ്രയ്ക്ക് അത്യാവശ്യം വേണ്ട ഭൂമി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഉഭയകക്ഷി സമ്മതപ്രകാരം നേരിട്ട് വിലയ്ക്ക് വാങ്ങുന്നതിന് 23.7.2014-ൽ ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ ഉന്നതതലയോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. |
| സി) കിൻഫ്രയ്ക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്ന കാര്യം പരിഗണിക്കുമോ ? | സി) 1993-ലെ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ആക്റ്റിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കിൻഫ്രയ്ക്ക് ആവശ്യമായ പ്രവർത്തന സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ